## പതിന്നാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6610 — 08.11.2016 -ൽ മറുപടിക്ക്

### മൾട്ടിപ്ലക്സുകളിലെ ഫുഡ് സ്റ്റാളുകളിൽ ലീഗൽ മെട്രോളജി വകുപ്പിന്റെ പരിശോധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.കെ.എസ്.ശബരീനാഥൻ | ശ്രീ.പി.തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ മൾട്ടിപ്ലക്സുകളിലെ ഫുഡ് സ്റ്റാളുകളിൽ ലീഗൽ മെട്രോളജി വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(സി) ഇതിന്മേൽ എന്തെല്ലാം തുടർനടപടികളാണ് വകുപ്പ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ? | (എ) & (സി) ഉണ്ട്. MRP-യേക്കാൾ കൂടുതൽ വില ഈടാക്കിയതിന് എട്ട് സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും Packaged Commodities Rules 18(2) പ്രകാരം 59,500/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.<br>നോൺ സ്റ്റാൻഡേർഡ് അളവിൽ വിൽപ്പന നടത്തിയതിന് നാല് violation കണ്ടെത്തുകയും Sec 11 of Legal Metrology Act 2009 പ്രകാരം ഒരു കേസ്സ് വകുപ്പ് തലത്തിൽ രാജി ആക്കുകയും 30,000/- രൂപ പിഴ ഈടാക്കുകയും ചെയ്തു. മറ്റുള്ളവയിൽ പ്രോസിക്യൂഷൻ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. MRP വ്യക്തമല്ലാതെ pre-Packaged Commodities Rules 18(1) പ്രകാരം ഒരു കേസ്സ് എടുത്തിട്ടുമുണ്ട്.<br>MRP-യേക്കാൾ കൂടുതൽ വില ഈടാക്കിയതിന് നടപടി എടുത്ത സ്ഥാപനങ്ങളുടെ പേര് വിവരം ചുവടെ ചേർക്കുന്നു<br>1. പത്മം തീയേറ്റർ, മലപ്പുറം<br>2. വിസ്മയാ തീയേറ്റർ, പെരുന്തൽമണ്ണ<br>3. ക്രൗൺ തീയേറ്റർ, കോഴിക്കോട്<br>4. പി.വി.എസ്.ഫിലിം സിറ്റി, കോഴിക്കോട്<br>5. വിനായക തീയേറ്റർ കോംപ്ലക്സ്, കാഞ്ഞങ്ങാട്<br>6. കാർണിവൽ തീയേറ്റർ, കൊല്ലം<br>7. കാവേരി തീയേറ്റർ, ആറ്റിങ്ങൽ, തിരുവനന്തപുരം<br>8. അഭിലാഷ് തീയേറ്റർ, കോട്ടയം<br><br>നോൺ സ്റ്റാൻഡേർഡ് അളവിൽ വിൽപ്പന നടത്തിയതിന് നടപടി എടുത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

1. PVR Cinemas, ഒബ്റോൺ മാൾ, എൻ.എച്ച്.ബൈപാസ്, ഇടപ്പള്ളി
2. സിനി പോളി, സെൻട്രൽ സ്ക്വയർ മാൾ, എം.ഡി.റോഡ്, എറണാകുളം
3. D Cinema, ചാലക്കുടി
4. Inox, ശോഭ മാൾ, തൃശ്ശൂർ

| | |
|---|---|
| (ബി) പരിശോധനയിൽ എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്; വിവരിക്കമോ; | (ബി) അമിതവില ഈടാക്കുക, നോൺ സ്റ്റാൻഡേർഡ് യൂണിറ്റിൽ വിൽപ്പന നടത്തുക, നിയമാനുസൃത പ്രഖ്യാപനങ്ങൾ പായ്ക്കറ്റിൽ രേഖപ്പെടുത്താതിരിക്കുക എന്നീ ക്രമക്കേടുകളാണ് കണ്ടെത്തിയത്. |

സെക്ഷൻ ഓഫീസർ